ശുചിത്വഗ്രാമം പദ്ധതി

154 (2787) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ ശുചിത്വഗ്രാമം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ശുചിത്വഗ്രാമം പദ്ധതി ആര് മുഖേനയാണ് നടപ്പിലാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. ശുചിത്വകേരളം പദ്ധതിയുടെ ഭാഗമായ ശുചിത്വ ഗ്രാമം പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകളിൽ വികേന്ദ്രീകൃത രീതിയിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന നയമാണ് അനുവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ പരിപാലനത്തിന് സൗകര്യം ഏർപ്പെടുത്തുവാൻ ഇത്തരത്തിൽ പ്രോത്സാഹനവും പ്രേരണയും നൽകിവരുന്നു. പദ്ധതിയുടെ ഭാഗമായി ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

1. ഖരമാലിന്യ പരിപാലന പദ്ധതി തയ്യാറാക്കാനുള്ള പരിശീലനം നൽകൽ.

2. പദ്ധതിയുടെ ഭാഗമായി തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് സാങ്കേതിക അംഗീകാരം നൽകുക.

3. പദ്ധതി നടപ്പിലാക്കാനായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ളതും കേന്ദ്ര പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഉൾപ്പെടുത്തി ഭാഗിക സാമ്പത്തിക സഹായം നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശുചിത്വ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഗ്രാമങ്ങളിലുണ്ടാകുന്ന മാലിന്യം പരമാവധി ഗാർഹിക, വികേന്ദ്രീകൃത പൊതു സംവിധാനങ്ങളിലൂടെ സംസ്കരിക്കുകയും അതിലൂടെ വൃത്തിയുള്ള ഗ്രാമങ്ങൾ സൃഷ്ടിക്കുക. ഇതിനായി ജനങ്ങളുടെ സഹകരണം ഉറപ്പാക്കി അവരിൽ സ്വയം ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള മനോഭാവം രൂപീകരിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. ഇതിനായി ചുവടെപ്പറയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ലക്ഷ്യമിടുന്നു :

1. ഗ്രാമപഞ്ചായത്തുകളിൽ ആവശ്യമെങ്കിൽ പൊതു ഖരമാലിന്യ പരിപാലന സംവിധാനം സൃഷ്ടിക്കുക, നിലവിലുള്ള പൊതു സംവിധാനങ്ങളുടെ അറ്റകുറ്റ പണി നടത്തി മാലിന്യ പരിപാലനം ഉറപ്പാക്കുക.

2. കമ്മ്യൂണിറ്റിതലത്തിലും സ്ഥാപനതലങ്ങളിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിന് പ്രോത്സാഹനം നൽകുക.

3. ഗാർഹിക തലത്തിൽ കമ്പോസ്റ്റിംഗ്/ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് പരമാവധി അഴുകുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുക. ഇതിലൂടെ പൊതു സ്ഥലത്തെത്തുന്ന മാലിന്യത്തിന്റെ അളവ് പരമാവധി കുറയ്ക്കുക.

4. ഗാർഹിക കക്കൂസ്/കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സ് നിർമ്മിച്ചുനൽകാൻ സഹായം നൽകുക.

5. അറവുശാല നിർമ്മാണം അഥവാ നവീകരണം.

6. സ്ഥാപനങ്ങൾക്ക് മാതൃക ദ്രവമാലിന്യ പരിപാലന പദ്ധതി

7. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുക

8. വിവര വിജ്ഞാന- വ്യാപന പ്രവർത്തനങ്ങൾ.

(സി&ഡി) ശുചിത്വഗ്രാമം പദ്ധതി അതാത് ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ തന്നെയാണ് നടപ്പിലാക്കുന്നത്. പദ്ധതി നടത്തിപ്പിനായി പഞ്ചായത്തുകൾക്ക് വിവരം ലഭ്യമാക്കുകയും പഞ്ചായത്തുകൾ തയ്യാറാക്കി നൽകുന്ന പ്രോജക്ടുകളുടെ സാങ്കേതിക പരിശോധന നടത്തുകയും ആവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കുകയും ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് സഹായം നൽകുകയും അതോടൊപ്പം പ്രോജക്ടിന് സാമ്പത്തിക സഹായവും (അംഗീകൃത സർക്കാർ വിഹിതം) നൽകിവരുന്നു. ഇതിനുപുറമേ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്ക് വ്യക്തിഗത ഗാർഹിക കക്കൂസുകൾ, കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾ, ഖരമാലിന്യ പരിപാലനം എന്നിവയ്ക്കുള്ള സഹായവും നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly